**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലാ പഞ്ചായത്ത് - കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഗുണഭോക്തൃ സമിതി മുൻകൂറായി കൈപ്പറ്റിയ തുക പലിശ സഹിതം എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ.(സാധാ) നം.191/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 19/01/2016.

---

പരാമർശം:
1. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.
2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 13- മത് റിപ്പോർട്ട്.
3. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.03.2014-ലെ ഡിപി6-595/99 നം. അർദ്ധ ഔദ്യോഗിക കത്ത്.
4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) യുടെ 28.01.2015-ലെ തെളിവെടുപ്പ് യോഗം.
5. എറണാകുളം ജില്ലാ പഞ്ചായത്ത് സമിതിയുടെ 12.05.2015-ലെ II(11) നമ്പർ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലാ പഞ്ചായത്ത് കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് മുൻകൂറായി കൈപ്പറ്റിയ 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം), പണി ഉപേക്ഷിക്കപ്പെട്ടതിനാൽ തിരിച്ചുപിടിക്കണമെന്ന് സൂചന (1)-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയത് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 13-ാ മത് റിപ്പോർട്ടിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതി റിപ്പോർട്ടിലെ ഖണ്ഡിക 10-ലെ ശുപാർശ പ്രകാരം പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും മുൻകൂറായി കൈപ്പറ്റിയ 50,000/- രൂപ പലിശ സഹിതം ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു. കൺവീനറുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കളൊന്നും ഇല്ലാത്തതിനാൽ 10 ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കുവാൻ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നതായും എന്നാൽ 10 ഗുണഭോക്തൃ സമിതി അംഗങ്ങളും തുക തിരിച്ചടയ്ക്കുന്നതിനു കഴിവില്ലാത്ത വിധത്തിൽ നിർദ്ധനരും പട്ടിക വിഭാഗത്തിൽപ്പെട്ടവരുമാണെന്നും പറവൂർ തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സൂചന (3) ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) യുടെ 28.01.2015-ലെ യോഗം പ്രസ്തുത ഖണ്ഡികയിലെ ശിപാർശ സംബന്ധിച്ച നടപടി റിപ്പോർട്ട് പരിഗണിക്കുകയും നഷ്ടമായ തുക

ഊടാക്കുന്നതിന് പരിമിതികൾ നിലനിൽക്കുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

3) എറണാകുളം ജില്ലാ പഞ്ചായത്ത് സമിതിയുടെ II(11) നമ്പർ തീരുമാന പ്രകാരം (സൂചന-5) ടി വിഷയത്തിൽ മനുഷ്യത്വപരമായ ഒരു സമീപനമെന്ന നിലയ്ക്ക് അഡ്വാൻസിനത്തിൽ നൽകിയ തുക പലിശ സഹിതം എഴുതിത്തള്ളുന്നതിനായി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

4) ടി സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പറവൂർ തഹസീൽദാറിന്റെ റിപ്പോർട്ട്, എറണാകുളം ജില്ലാ പഞ്ചായത്ത് സമിതി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കണിയാൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് ഗുണഭോക്തൃ സമിതി മുൻകൂറായി കൈപ്പറ്റിയ 50,000/- രൂപ(അമ്പതിനായിരം രൂപ മാത്രം) പലിശ സഹിതം എഴുതിത്തള്ളാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ. ആർ. പഴനിയമ്മ**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.